(ബി-ഇ) പ്രൊപ്പോസൽ ലഭിച്ചശേഷം പരിശോധന നടത്തി പദ്ധതി സംബന്ധിച്ച് തീരുമാനമെടുത്താൽ മാത്രമേ വായ്പാ പരിധി സംബന്ധിച്ചും ഗുണഭോക്താക്കളെ സംബന്ധിച്ചും സർക്കാർ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ബാദ്ധ്യത സംബന്ധിച്ചും ഏത് കാലയളവിലെ വായ്പകൾക്കാണ് ആനുകൂല്യം ലഭിക്കുക എന്നത് സംബന്ധിച്ചും വിശദമാക്കാൻ കഴിയുകയുള്ളു.

കാസർഗോഡ് ജില്ലയിലെ കാർഷിക വായ്പ എഴുതിത്തള്ളുന്ന പദ്ധതി

20 (983) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാർഷിക വായ്പ എഴുതിത്തള്ളുന്ന പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിലെ സഹകരണ ബാങ്കുകളിൽനിന്നും എത്ര കോടി രൂപ എഴുതിത്തള്ളിയിട്ടുണ്ടെന്നും എത്ര പേർക്ക് ഇതിന്റെ ആനുകൂല്യം ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ?

ഉത്തരം

കേന്ദ്ര കാർഷിക കടം എഴുതി തള്ളൽ 2008 പദ്ധതിയിൻ കീഴിൽ കാസർഗോഡ് ജില്ലയിലെ സഹകരണ സംഘങ്ങൾ/ബാങ്കുകൾ 52928 അക്കൗണ്ടുകളിലായി 67,96,13,488 രൂപയുടെ (67.96 കോടി) കടം എഴുതി തള്ളിയ ആനുകൂല്യം കർഷകർക്ക് ലഭ്യമായിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് കാർഷിക കടക്കെണിമൂലം 1-1-1999 മുതൽ 31-7-2006 വരെയുള്ള കാലയളവിൽ ആത്മഹത്യ ചെയ്ത കർഷകരുടെ പേരിൽ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ ബാക്കി നിൽപ്പുണ്ടായിരുന്ന കാർഷിക കടങ്ങൾ എഴുതിത്തള്ളിയ ബാദ്ധ്യത സംസ്ഥാന സർക്കാർ ഏറ്റെടുത്ത വകയിൽ കാസർഗോഡ് ജില്ലയിലെ 65 വായ്പകളിലായി 21,48,767 (21.48 ലക്ഷം) രൂപയുടെ ആനുകൂല്യം സംഘങ്ങൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. കേരള കർഷക കടാശ്വാസ കമ്മീഷൻ കർഷകർക്ക് നൽകിയ അവാർഡുകളുമായി ബന്ധപ്പെട്ട ബാധ്യത സർക്കാർ ഏറ്റെടുത്ത വകയിൽ കാസർഗോഡ് ജില്ലയിലെ 759 അവാർഡുകളിലായി 1,03,26,290 (1.03 കോടി) രൂപയും സർക്കാർ സംഘങ്ങൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

വായ്പ എഴുതിത്തള്ളിയതുമായി ബന്ധപ്പെട്ട് സർക്കാരിൽനിന്ന് ലഭിക്കേണ്ട തുക

21 (984) ശ്രീ. സി. എം. ദിനേശ് മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി പട്ടികവർഗ്ഗ സർവ്വീസ് സഹകരണ സംഘങ്ങളിൽ അംഗങ്ങളുടെ വായ്പ എഴുതിത്തള്ളിയതുമായി ബന്ധപ്പെട്ട് സംഘങ്ങൾക്ക് സർക്കാരിൽ നിന്ന് ലഭിക്കേണ്ട തുക ലഭ്യമാക്കുന്നതിന് അടിയന്തര നടപടി കൈക്കൊള്ളുമോ ;

(ബി) കുമ്പളങ്ങി പട്ടികജാതി സർവ്വീസ് സഹകരണ സംഘം ആർ 147-ലെ അംഗങ്ങളുടെ വായ്പ എഴുതിത്തള്ളിയതുമൂലം സംഘത്തിനുണ്ടായ നഷ്ടം നികത്തുന്നതിനാവശ്യമായ സഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly